# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2375 — 17.08.2017-ൽ മറുപടിയ്ക്ക്

## സാംസ്കാരിക സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എൻ. ഷംസീർ: | | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ; | എ) | സാംസ്കാരിക കാര്യ വകുപ്പ് സാംസ്കാരിക സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് ആവർത്തന ഗ്രാന്റ്, അനാവർത്തനഗ്രാന്റ്, പ്രത്യേക ഗ്രാന്റ് എന്നീ ഇനങ്ങളിലായിട്ടാണ് ധനസഹായം നൽകി വരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റായി 2,55,90,000/- രൂപയും അനാവർത്തനഗ്രാന്റായി 57,00,000/- രൂപയും സ്പെഷ്യൽ ഗ്രാന്റായി 40,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രശസ്തരായ സാഹിത്യകാരന്മാരുടെയും സാംസ്കാരിക നായകന്മാരുടെയും പേരിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും പുനരുജ്ജീവനത്തിനുമായി 77,50,000/- രൂപയും പ്രമുഖ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള സഹായമായി 1,05,19,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ വിവിധ സ്ഥാപനങ്ങൾക്ക് ആവർത്തനഗ്രാന്റായി 1,04,25,000/- രൂപയും അനാവർത്തന ഗ്രാന്റായി 4,75,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) പുതുതായി എന്തെങ്കിലും സാമ്പത്തിക സഹായം സാംസ്കാരിക സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി) | പുതുതായി എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ